# IV സബ്മിഷൻ

(സബ്മിഷന് നോട്ടീസ് നൽകിയിരുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, മറ്റ് അംഗങ്ങളായ സർവ്വശ്രീ. വി. ചെന്താമരാക്ഷൻ, മോൻസ് ജോസഫ്, ഇ. കെ. വിജയൻ, കെ. വി. അബ്ദുൾ ഖാദർ, പി. സി. ജോർജ് എന്നിവർ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്തുത സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല. )

## 1. പെൻഷൻ അനുവദിക്കൽ

ശ്രീ. കെ. മുരളീധരൻ: സർ, 1962 മുതൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഇലക്ഷൻ നടന്നുവരികയാണ്. ഈ കാലയളവിൽ ആയിരക്കണക്കിന് നിസ്വാർത്ഥരായ രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരായും, അംഗങ്ങളായും ദീർഘകാലം സേവനമനുഷ്ഠിച്ച് വിരമിച്ചിട്ടുണ്ട്. ഇപ്രകാരം വിരമിച്ച പലരും ഇന്ന് ദാരിദ്ര്യത്തിന്റെയും അവഗണനയുടെയും ദുരവസ്ഥയിലാണ്. നല്ലകാലം മുഴുവൻ ജനസേവനത്തിനായി ഉഴിഞ്ഞുവച്ചതിനാൽ ഭൂരിപക്ഷം ആളുകളും അവശരും രോഗികളുമായി മാറിക്കഴിഞ്ഞു. ത്രിതല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരസഭ എന്നിവയിലെ മുൻ അംഗങ്ങൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു കൊടുക്കേണ്ടത് ജനാധിപത്യ കേരളത്തിന്റെ ചുമതലയാണ്. യു.ഡി.എഫ്. ഗവൺമെന്റ് ഇവർക്ക് ഐഡന്റിറ്റി കാർഡ് അനുവദിക്കുകയും ഇൻഷ്വറൻസ് പദ്ധതി നടപ്പിൽവരുത്തുകയും ചെയ്തത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഇൻഷ്വറൻസ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രീമിയം തുക സംസ്ഥാനതലത്തിൽ മൊത്തമായി ഇൻഷ്വറൻസ് കമ്പനിക്ക് ഒടുക്കുന്ന കാര്യം സർക്കാർ സഗൗരവം പരിഗണിക്കണം. ഇവർക്ക് പെൻഷൻ അനുവദിക്കുക എന്നതാണ് ഇപ്പോൾ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, ആയിരക്കണക്കിന് മുൻ പഞ്ചായത്ത് അംഗങ്ങൾ, കോർപ്പറേഷൻ/മുനിസിപ്പൽ മുൻ കൗൺസിലർമാർ എന്നിവർ അവരുടെ വാർദ്ധക്യാവസ്ഥയിൽ നിത്യവൃത്തിക്കുപോലും വകയില്ലാതെ കഷ്ടപ്പെടുകയാണ്. ഇവർ നാടിന് നൽകിയ മഹത് സേവനം പ്രത്യേകം കണക്കിലെടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ന്യായമായ പ്രതിമാസ പെൻഷൻ അടിയന്തരമായി അനുവദിച്ചുനൽകണമെന്ന് ഞാൻ ഈ സഭയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, നാടിനുവേണ്ടി വളരെയധികം ത്യാഗം സഹിച്ച് പൊതുരംഗത്ത് പ്രവർത്തിച്ചിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പല പ്രതിനിധികളും വാർദ്ധക്യകാലത്ത് പലവിധ രോഗങ്ങൾ ബാധിച്ച് മരുന്നുവാങ്ങാൻപോലും സാമ്പത്തികശേഷി യില്ലാതെ കഷ്ടപ്പെടുന്നതിനാൽ ഇവർക്ക് പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ കാര്യം പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പ്രതിമാസം 500 രൂപയെങ്കിലും പെൻഷൻ അനുവദിക്കുന്നതിന് പ്രതിവർഷം ഏഴ് ലക്ഷത്തി എൺപത്തിയെണ്ണായിരം രൂപ വേണ്ടിവരും. വിഭവ ലഭ്യതയുടെ പരിമിതി കാരണം ഇത്രയും വലിയൊരു തുക കണ്ടെത്താൻ സർക്കാരിന് കഴിയില്ല. പഞ്ചായത്തുകളുടെ തനതു ഫണ്ടിൽനിന്നും ഈ ചെലവ് വഹിക്കണമെന്നുള്ള നിർദ്ദേശമാണ് വന്നിട്ടുള്ളത്. ഈ നിർദ്ദേശം ഇപ്പോൾ ക്യാബിനറ്റിന്റെ മുന്നിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഇതിനൊരു പരിഹാരമുണ്ടാക്കുന്ന തിനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഈ അവസരത്തിൽ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. അതുപോലെ ഇൻഷ്വറൻസിന്റെ പ്രീമിയം തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും കൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനമായിട്ടുണ്ട്. അത് ഉടനെ ലഭ്യമാക്കി ഇൻഷ്വറൻസ് കമ്പനികളിലേക്ക് അടയ്ക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകുന്നതാണെന്ന് അറിയിക്കുന്നു.

## 2. ഡോക്ടർമാരുടെ സേവനം ഉച്ചയ്ക്കശേഷവും ഉറപ്പാക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കേരളമാകമാനം പനി ബാധിച്ച് ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന കണക്കുകളാണ് കഴിഞ്ഞ ആഴ്ചവരെ ലഭിച്ചിട്ടുള്ളത്. നമ്മുടെ താലൂക്കാശുപത്രി കളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഉച്ചയ്ക്ക് ശേഷമെത്തുന്ന അവശരായ രോഗികൾക്ക് ഡോക്ടർമാരുടെ സേവനം ഫലപ്രദമായി ലഭിക്കുന്നില്ല. പലപ്പോഴും ഇത് സംഘർഷത്തിന് കാരണമാകുന്നു. ആശുപത്രികളിൽ ഈ സമയത്ത് കാൾഡ്യൂട്ടി ഡോക്ടർമാരെ നിശ്ചയിക്കാറുണ്ടെങ്കിലും കിടപ്പുരോഗികളെ മാത്രമെ ഇവർ പരിശോധിക്കാറുള്ളൂ. ധാരാളം പരാതികൾ ഇതുസംബന്ധിച്ച് ഉണ്ടാകാറുണ്ട്. എച്ച്.എം.സി. മീറ്റിംഗുകളിൽ ഇതുസംബന്ധിച്ച് വളരെ സജീവമായി ചർച്ച ചെയ്യാറുണ്ടെങ്കിലും ഇതുവരേയും തീരുമാനമുണ്ടായിട്ടില്ല. ജനപ്രതിനിധികൾ ഇതു സംബന്ധിച്ച് ധാരാളം പരാതികൾ കേൾക്കേണ്ടതായി വരുന്നുണ്ട്. എന്റെ മണ്ഡലത്തിൽ